**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5237 — 24.10.2011 -ൽ മറുപടിക്ക്

## പൊന്നാനി ബസ് സ്റ്റാന്റിലേക്കുള്ള ബസ്സുകൾ ട്രിപ്പ് നടത്താൻ നടപടി

| ചോദ്യം<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി |
|---|---|---|
| (എ) പൊന്നാനി താലൂക്കിൽ പൊന്നാനി ബസ് സ്റ്റാന്റിലേക്കുള്ള ബസുകൾ കണ്ടുകടവ് ജംഗ്ഷനിൽ ട്രിപ്പ് അവസാനിപ്പിക്കുന്നത് മൂലം താലൂക്ക് ആസ്ഥാനത്തേക്കുള്ള യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ബസ്സുകൾ ചില സമയങ്ങളിൽ കണ്ടുകടവ് ജംഗ്ഷനിൽ ട്രിപ്പ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നിയന്ത്രിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കുന്ദംകുളം, ഗുരുവായൂർ ഭാഗത്ത്നിന്ന് എത്ര പ്രൈവറ്റ് ബസുകൾ പൊന്നാനി സ്റ്റാന്റിലേക്ക് പെർമിറ്റ് എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ആകെ 33. സ്റ്റേജ് ക്യാരേജ് വാഹനങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. |
| (സി) കണ്ടുകടവ് ജംഗ്ഷൻ വരെ എത്ര ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്; | (സി) | കണ്ടുകടവ് ജംഗ്ഷൻ വരെ 15 ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. |
| ഡി) ബസുകൾ പൂർണ്ണമായി സ്റ്റാന്റിലേക്ക് ട്രിപ്പ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) | ട്രിപ്പ് മുടക്കുന്നതിനെതിരെ നിയമാനുസൃതമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബസ് ജീവനക്കാർക്ക് നിർദ്ദേശം നൽകുകയും പരിശോധന കർശനമാക്കുകയും ചെയ്യുന്നുണ്ട്. |
| (ഇ) പുത്തൻപള്ളി - ചങ്ങരംകുളം റൂട്ടിൽ ബസുകൾ ട്രിപ്പ് മുടക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധന നടത്തി ട്രിപ്പ് മുടക്കുന്ന സ്റ്റേജ് ക്യാരേജുകൾക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ